CC-0. In Public Domain. Digitization by eGangotri

വാൻ റീഡിന്റെ

ഹോർത്തൂസ് മലബാറിക്കൂസ്

മലയാള പരിഭാഷ

(12 വാല്യങ്ങൾ)

ആധുനിക സസ്യശാസ്ത്രവ്യാഖ്യാനസഹിതം

പ്രൊഫ. കെ.എസ്. മണിലാൽ

കേരള സർവകലാശാല പ്രസിദ്ധീകരണം

CC-0. In Public Domain. Digitization by eGangotri

രളത്തിലെ ഔഷധസസ്യസമ്പത്തിനെക്കുറിച്ച് ലാറ്റിൻ ഭാഷയിലെഴുതി നെതർലാന്റ്സിലെ ആംസ്റ്റർഡാമിൽ നിന്നും 1678-1693-ൽ പ്രസിദ്ധീകരിച്ച ഗ്രന്ഥമാണ് ഹോർത്തൂസ് മലബാറിക്കൂസ്. ഡബിൾ ഫോളിയോ വലുപ്പത്തിൽ 12 വാല്യങ്ങളും 2600-ൽ പരം പുറങ്ങളുമുള്ള ഇതിന്റെ രചയിതാവ് കൊച്ചിയിലെ അന്നത്തെ ഡച്ച് ഗവർണറായിരുന്ന ഹെൻറിക് വാൻ റീഡ് എന്ന നാവികസൈന്യാധിപനായിരുന്നു. കേരളത്തിലെ പ്രധാനപ്പെട്ട 742 സസ്യങ്ങളെപ്പറ്റി അതിൽ പ്രതിപാദിച്ചിരിക്കുന്നു. അവയുടെ പ്രാദേശിക മലയാളനാമങ്ങൾ, ഔഷധഗുണങ്ങൾ, ഏതെല്ലാം അസുഖങ്ങൾക്കു ചികിത്സിക്കാനാണ് അവ ഉപയോഗിച്ചിരുന്നത്, മരുന്ന് ഉണ്ടാക്കുന്ന വിധം, പ്രയോഗിക്കേണ്ട രീതി മുതലായ വിവരങ്ങൾ, ഓരോ സസ്യത്തിന്റെയും വിശദമായ വിവരണങ്ങൾ, മനോഹരമായ രേഖാചിത്രങ്ങൾ എന്നിവ സഹിതം ഈ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ഓരോ ചിത്രത്തിനുമൊപ്പം, അതാതു സസ്യത്തിന്റെ അക്കാലത്തെ മലയാളം പേരുകൾ, മലയാളം, റോമൻ, അറബി ലിപികളിൽ എഴുതിയിട്ടുണ്ട്. കൊങ്കണി ഭാഷയിലുള്ളത് അവയ്ക്കു പേരുകളുണ്ടെങ്കിൽ അത് നാഗരിലിപിയിലും പോർച്ചുഗീസ്, ഡച്ച്, ബൽജിയൻ ഭാഷകളിലുള്ളത് റോമൻ ലിപിയിലും രേഖപ്പെടുത്തിയിരിക്കുന്നു. സസ്യങ്ങൾ ഏതു പ്രദേശത്താണ് സാധാരണ കണ്ടുവരുന്നതെന്ന കാര്യവും പറഞ്ഞിട്ടുണ്ട്.

CC-0. In Public Domain. Digitization by eGangotri

മലയാളഭാഷ ആദ്യമായി അച്ചടിക്കപ്പെട്ടത് 1678-ൽ പ്രസിദ്ധീകൃതമായ ഹോർത്തൂസ് മലബാറിക്കൂസിന്റെ 1-ാം വാല്യത്തിലാണ് എന്നതിൽ മലയാളികൾ അഭിമാനിക്കുന്നു.

ഇതിൽ പ്രതിപാദിച്ചിരിക്കുന്ന സസ്യങ്ങളുടെ ഔഷധഗുണസംബന്ധിയായ വിവരങ്ങളെല്ലാം രചയിതാവായ വാൻ റീഡിനു നല്കിയത് ചേർത്തല കടക്കരപ്പള്ളിയിലെ സുപ്രസിദ്ധ വൈദ്യനായിരുന്ന ഇട്ടി അച്ചുതനായിരുന്നു. അനേകം തലമുറകളായി പാരമ്പര്യചികിത്സകരായിരുന്ന കൊല്ലാട്ടു കുടുംബത്തിലെ അന്നത്തെ സ്ഥാനീയ വൈദ്യനായിരുന്ന ഇട്ടി അച്ചുതൻ, തന്റെ പുരാതന കുടുംബ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിവച്ചിരുന്ന വിവരങ്ങൾ, സ്വന്തം ചികിത്സാനുഭവത്തിന്റെയുംകൂടി വെളിച്ചത്തിൽ മലയാളത്തിൽ പറഞ്ഞു കൊടുത്തത്, ഡച്ചു കമ്പനിയുടെ ഔദ്യോഗിക ദ്വിഭാഷികൾ പോർച്ചുഗീസ് ഭാഷയിലും, അതിൽനിന്ന് ഡച്ചു ഭാഷയിലും, പിന്നീട് ലാറ്റിൻ ഭാഷയിലും പരിഭാഷപ്പെടുത്തുകയായിരുന്നു. ഏതെല്ലാം ഔഷധസസ്യങ്ങളെപ്പറ്റിയാണോ ഇട്ടി അച്ചുതൻ പ്രതിപാദിച്ചത്, അവയെപ്പറ്റി സംസ്കൃത വൈദ്യഗ്രന്ഥമായിരുന്ന "മദനപാല നിഘണ്ടു"വിലെ പ്രസ്താവനകളുമായി ഒത്തുനോക്കുകയും കൂടുതൽ വിവരങ്ങൾ നല്കി സഹായിക്കുകയും ചെയ്തത് കൊച്ചിയിലെ രംഗഭട്ട്, വിനായക പണ്ഡിറ്റ്, അപ്പുഭട്ട് എന്നീ മൂന്നു കൊങ്കണി പുരോഹിതന്മാരായിരുന്നു. യൂറോപ്പിലെ ശാസ്ത്രജ്ഞർക്കു സ്വീകാര്യമായവിധം സസ്യങ്ങളുടെ ശാസ്ത്രീയമായ വിവരണങ്ങൾ, ലാറ്റിൻഭാഷാപണ്ഡിതന്മാരായ ഡച്ചുശാസ്ത്രജ്ഞരും കൂട്ടിച്ചേർത്തു. വാൻ റീഡിന്റെയും തദ്ദേശീയരും പാശ്ചാത്യരുമായ നൂറുകണക്കിനു സഹപ്രവർത്തകരുടെയും 30-ൽപ്പരം വർഷത്തെ അശ്രാന്തപരിശ്രമ ഫലമായി തയ്യാറാക്കപ്പെട്ട ഈ ഗ്രന്ഥം യൂറോപ്പിലെ സുപ്രസിദ്ധ സർവകലാശാലകളിലെ വൈദ്യശാസ്ത്ര - സസ്യശാസ്ത്ര പ്രൊഫസർമാരാണ് എഡിറ്റു ചെയ്തത്.

വിവിധ വാല്യങ്ങളിലുള്ള മുഖവുര, ആമുഖപ്രസ്താവന, സമർപ്പണക്കുറിപ്പ് മുതലായ ഖണ്ഡങ്ങളിലും, ഗ്രന്ഥത്തിന്റെ പ്രമേയ ഭാഗങ്ങളിലും മറ്റും, മലയാളഭാഷയേയും കേരളത്തേയും 17-ാം നൂറ്റാണ്ടിൽ ഇവിടെ നിലനിന്നിരുന്ന സാമൂഹ്യ, സാംസ്കാരിക, രാഷ്ട്രീയ ചരിത്രസംബന്ധമായ കാര്യങ്ങളെയുംപറ്റി വിലപ്പെട്ട പലവിവരങ്ങളും അടങ്ങിയിട്ടുണ്ട്. അങ്ങനെ, ഹോർത്തൂസ് മലബാറിക്കൂസ് പല വിഷയങ്ങളെയും പറ്റി പഠിക്കുവാനും

CC-0. In Public Domain. Digitization by eGangotri

ഗവേഷണം നടത്തുവാനും ഉതകുന്ന ഒരു ഗ്രന്ഥമാണ്. അവയിൽ ചില വിഷയങ്ങൾ:

- ഇന്ത്യയിലെ പ്രധാന ജൈവവൈവിധ്യകലവറയായ കേരളത്തിലെ അതുല്യ സസ്യസമ്പത്ത്.
- കേരളത്തിലെ ചിരപുരാതന വൈദ്യശാസ്ത്രവിജ്ഞാനവും പ്രകൃതിദത്തസസ്യങ്ങളുടെ തെളിയിക്കപ്പെട്ട ഔഷധശക്തിയും.
- മരുന്നുകൾ ഉണ്ടാക്കുന്ന രീതികളും അവയുടെ പ്രയോഗ വിധികളും.
- ഇന്ത്യയിലെ സസ്യശാസ്ത്രവിജ്ഞാനചരിത്രം.
- കേരളത്തിലെ പുരാതന സസ്യവർഗ്ഗീകരണ സമ്പ്രദായങ്ങളും ആധുനിക വർഗീകരണ ശാസ്ത്രവുമായി അവയ്ക്കുള്ള സാമ്യവും.
- 17-ാം നൂറ്റാണ്ടിൽ കേരളത്തിലും ഇന്ത്യയിലും നിലവിലുണ്ടായിരുന്ന സാമൂഹ്യ സാംസ്കാരിക സ്ഥിതി.
- കേരളത്തിന്റെയും, അതിലൂടെ ഇന്ത്യയുടെയും രാഷ്ട്രീയ ചരിത്രം ഉരുത്തിരിഞ്ഞുവന്നതിൽ ഈ സസ്യശാസ്ത്രഗ്രന്ഥത്തിനുള്ള നിർണായകസ്ഥാനം; നെതർലാന്റ്സിന്റേയും നാവിക മേൽക്കോയ്മയുണ്ടായിരുന്ന മറ്റു യൂറോപ്യൻ രാജ്യങ്ങളുടെയും സാമ്പത്തികചരിത്രത്തിന്മേൽ അതുണ്ടാക്കിയ സ്വാധീനം.
- മലയാളലിപിയുടെയും ഭാഷയുടെയും പരിണാമചരിത്രം.
- കൊങ്കണിഭാഷാചരിത്രത്തിലെ വിസ്മൃതമായ ഒരു അദ്ധ്യായം.
- അറബി, അറബിമലയാളലിപികളെയും ഭാഷകളെയും സംബന്ധിച്ചുള്ള പഠനം.
- ഇന്ത്യയിലെ രണ്ടു പ്രധാനമതങ്ങളായ ഹിന്ദുമതത്തിന്റെയും, ക്രിസ്തുമതത്തിന്റെയും വളർച്ചയിലും പരിണാമത്തിലും ഒരു സസ്യശാസ്ത്രഗ്രന്ഥം വഹിച്ച അനർഘമായ പങ്ക്.
- ഇന്ത്യയിലെയും യൂറോപ്പിലെയും പലഭാഷകളിലെ അക്കങ്ങളുടെയും സംഖ്യാശാസ്ത്രനിയമങ്ങളുടെയും വികാസപരിണാമം.
- അച്ചടി എന്ന സാങ്കേതികവിദ്യയുടെ പരിണാമചരിത്രം.

ഇതിനെല്ലാം ഉപരി ഹോർത്തൂസ് മലബാറിക്കുസിന് ഇന്നുണ്ടായിട്ടുള്ള ദേശീയ പ്രാധാന്യം മറ്റൊന്നാണ്. ആഗോളവൽക്കരണത്തിന്റെ ഭാഗമായി നിലവിൽവരുന്ന ബൗദ്ധികസ്വത്തവകാശനിയമങ്ങളും

CC-0. In Public Domain. Digitization by eGangotri

ജൈവ പേറ്റന്റ് നിയമങ്ങളും മൂലം ഇന്ത്യയ്ക്കും സാധാരണക്കാരായ ഇന്ത്യക്കാർക്കും ഭീമമായ നഷ്ടം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ആഗോളവൽക്കരണത്തിന്റെ ഭാഗമായി നടപ്പാക്കപ്പെടുന്ന നിയമങ്ങൾ നമ്മുടെ രാജ്യത്തെ ആത്യന്തികമായി ജൈവകൊളോണിയലിസത്തിലേക്കും, സാമ്പത്തിക അടിമത്തത്തിലേക്കും തള്ളിയിടുകയായിരിക്കും ചെയ്യുക. ഈ അപകടം ചെറുക്കുവാനുള്ള ഒരു ശക്തമായ ആയുധമായി ഈ ഗ്രന്ഥത്തെ പ്രയോജനപ്പെടുത്തുവാൻ കഴിയും.

എന്നാൽ ഹോർത്തൂസ് മലബാറിക്കൂസിന്റെ വിലമതിക്കാനാവാത്ത പ്രാധാന്യവും സാദ്ധ്യതകളും, മൂലഗ്രന്ഥം പ്രസിദ്ധീകൃതമായി 325 വർഷം കഴിഞ്ഞിട്ടും നാം മനസ്സിലാക്കിയിരുന്നില്ല. ഗ്രന്ഥം ലാറ്റിൻഭാഷയിലായിരുന്നതിനാൽ അതിൽ എന്താണ് എഴുതിയിട്ടുള്ളതെന്ന് അധികമാർക്കും അറിയില്ലായിരുന്നു. മാത്രമല്ല, ഔഷധ സസ്യങ്ങളുടെ മലയാളം പേരുകൾ മാത്രമേ ഗ്രന്ഥത്തിൽ കൊടുത്തിട്ടുള്ളൂ എന്നതുകൊണ്ട്, ഉദ്ദേശിക്കുന്ന സസ്യം ഏതാണെന്ന് സംശയരഹിതമായി തിരിച്ചറിയാനും സാദ്ധ്യമല്ലായിരുന്നു. ഈ വക പോരായ്മകളെല്ലാം പരിഹരിച്ചുകൊണ്ട്, എല്ലാ ചെടികളുടെയും ആധുനിക ശാസ്ത്രീയ നാമങ്ങൾ തിട്ടപ്പെടുത്തി, വ്യാഖ്യാനസഹിതം, പൊതുവെ എല്ലാവർക്കും എളുപ്പത്തിൽ വായിച്ചുമനസ്സിലാക്കാവുന്ന ആദ്യത്തെ ഒരു ഇംഗ്ലീഷ് പരിഭാഷ പ്രൊഫ. കെ.എസ്. മണിലാൽ തയ്യാറാക്കിയത് 2003-ൽ കേരള സർവകലാശാല പ്രസിദ്ധീകരിക്കുകയുണ്ടായി. ഈ പരിഭാഷ കണ്ട ആംസ്റ്റർഡാമിലെ പത്രങ്ങൾ എഴുതി: "സ്വന്തം ഔഷധസസ്യങ്ങളുടെ ഉപയോഗവും പ്രാധാന്യവും മറന്നുപോയ ഇന്ത്യക്കാർക്ക്, ഇതാ, ഇനി അവയെ പ്രയോജനപ്പെടുത്താം, കൂടുതൽ പഠിക്കാം."

അലോപ്പതിമരുന്നുകളുടെ വില സാധാരണക്കാർക്കു താങ്ങാനാവാത്തവിധം കുതിച്ചുയർന്നുകൊണ്ടിരിക്കുന്ന ഇക്കാലത്ത് ദോഷകരമായ പാർശ്വഫലങ്ങളില്ലാത്ത പരമ്പരാഗത നാടൻ മരുന്നുകളെ ആശ്രയിക്കുക എന്നതാണ് ഏക പോംവഴി. സ്വന്തം തൊടികളിലും നാട്ടിൻപുറത്തും പ്രകൃത്യാവളരുന്ന ഔഷധ സസ്യങ്ങളെ തിരിച്ചറിയുവാനും, നമ്മുടെ പൂർവികരായ വൈദ്യശ്രേഷ്ഠന്മാർ നൂറ്റാണ്ടുകൾക്കു മുമ്പ് സാക്ഷ്യപ്പെടുത്തിയിട്ടുള്ള അവയുടെ ശക്തികൾ മനസ്സിലാക്കുവാനും കേരളീയരെ പ്രാപ്തരാക്കുന്നതിനും, നമ്മുടെ സാംസ്കാരിക പാരമ്പര്യത്തെ ഓർമ്മപ്പെടുത്തുന്നതിനുമായിട്ടാണ് ഹോർത്തൂസ് മലബാറിക്കൂസിന്റെ

CC-0. In Public Domain. Digitization by eGangotri

സവ്യാഖ്യാന, സൂചികാസഹിത മലയാള പരിഭാഷ തയ്യാറാക്കിയിരിക്കുന്നത്.

തന്റെ കുടുംബസ്വത്തായിരുന്ന അതിപുരാതന താളിയോല ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിരുന്ന കേരളത്തിലെ സസ്യങ്ങളുടെ ഔഷധശക്തികൾ ഇട്ടി അച്ചുതൻ വൈദ്യൻ മലയാളത്തിൽ വായിച്ചു പറഞ്ഞുകൊടുത്തത് പോർച്ചുഗീസ്, ഡച്ച്, ലാറ്റിൻ, ഇംഗ്ലീഷ് ഭാഷകളിൽക്കൂടി കടന്ന്, 328 വർഷങ്ങൾക്കുശേഷം ഈ കൃതിയിലൂടെ മലയാളഭാഷയിൽ പുനർജനിക്കുകയാണ്.

പ്രൊഫ. കെ.എസ്. മണിലാൽ (Chairman, Centre for Research in indigenous Knowledge, Science & Culture; Founder President, Indian Association for Angiosperm Taxonomy; Former President, Indian Botanical Society) ആണ് ഔഷധസസ്യങ്ങളുടെ ആധുനിക ശാസ്ത്രീയനാമങ്ങളോടുകൂടിയ ഈ സവ്യാഖ്യാന മലയാള പതിപ്പ് തയ്യാറാക്കിയത്. "ഹോർത്തൂസ് മലബാറിക്കൂസിന്റെ ചരിത്രവും സസ്യശാസ്ത്രവും" (A.A. Balkema, Rotterdam/Oxford & I.B.H., New Delhi, 1980); "വാൻ റീഡിന്റെ ഹോർത്തൂസ് മലബാറിക്കൂസിന്റെ വിശദീകരണം" (International Association of Plant Taxonomists, Berlin, 1988); "ഹോർത്തൂസ് മലബാറിക്കൂസ്, സവ്യാഖ്യാന ഇംഗ്ലീഷ് പതിപ്പ്" (University of Kerala, Trivandrum, 2003) എന്നിവ ഉൾപ്പെടെ 13 പുസ്തകങ്ങളും 200-ൽ പരം ഗവേഷണപ്രബന്ധങ്ങളും അദ്ദേഹം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

പ്രകാശനവിഭാഗം
കേരള സർവകലാശാല
തിരുവനന്തപുരം 695034, കേരള, ഇന്ത്യ.

Phone: 91-471-2303995 (O), 2306422, Extn. 364/365
Fax: 91-471-2307158. E-mail: keralauniversity@vsnl.com
Website: www.keralauniversity.edu

Printed at St. Joseph's Press, Trivandrum